കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ സ്റ്റേറ്റുമെന്റിൽ കടബാധ്യതയായി കാണിച്ചിരിക്കുന്ന ഇനങ്ങൾ കൂട്ടിയാൽ കിട്ടുന്ന തുക 41,878 കോടി രൂപ തന്നെയാണ്. നിയമസഭയിൽ നൽകിയ ഉത്തരത്തിലും 31-3-05 വരെയുള്ള കടബാധ്യത ഇതുതന്നെയാണ്. ഇനി കടവും ബാദ്ധ്യതയുമായിട്ടുള്ള വ്യത്യാസം. കടവും ബാദ്ധ്യതയും വ്യത്യസ്തമാണെന്ന് താഴെപ്പറയുന്ന കണക്കുകൾ പറയുന്നു. 31-3-96-ലെ ലയബിലിറ്റി 10,721 കോടി രൂപയും കടം 10,114 കോടി രൂപയുമാണ്. വ്യത്യാസം 607 കോടി രൂപ. 31-3-01-ലെ ബാദ്ധ്യത 25,746 കോടി രൂപയും കടം 23,919 കോടി രൂപയും. അതിന്റെ വ്യത്യാസം 1827 കോടി രൂപ .പക്ഷേ നമ്മൾ കടം 23,919 എന്ന് മാത്രമേ പറയാറുള്ളു. അല്ലാതെ ബാദ്ധ്യതയായ 25,746 കോടി രൂപ എന്ന് പറയാറില്ല.. അതുപോലെ 31-3-05-ലെ കടം 41,878 കോടി രൂപയും ബാദ്ധ്യത 43,782 കോടി രൂപയുമാണ്. ഇത് രണ്ടും തമ്മിലുള്ള വ്യത്യാസത്തിലുള്ള കുഴപ്പം കൊണ്ടാണ് സംശയം വന്നത്.

VII ക്രമപ്രശ്നം

ജനപ്രതിനിധികൾ നൽകുന്ന നിവേദനങ്ങൾക്ക് മറുപടി ലഭിക്കാത്തത് സംബന്ധിച്ച്

ശ്രീ. സാജുപോൾ: ബഹുമാനപ്പെട്ട മന്ത്രിമാർക്ക് എം.എൽ.എ-മാർ കൊടുക്കുന്ന കത്തുകൾക്ക് മറുപടി നൽകുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് പോലും മറുപടി ലഭിക്കുന്നില്ല. ചികിത്സാ സഹായമാണെങ്കിൽ റവന്യൂ സെക്രട്ടറിക്ക് അയക്കൽ മാത്രമേയുള്ളു. പട്ടികസമുദായക്ഷേമവും, യുവജന സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്നും മറുപടി കിട്ടാറില്ല. ഇത് ഇവിടെ ഉന്നയിക്കാനുള്ള കാരണം അടുത്ത ദിവസം ഒരു ചാനലിൽ കണ്ട വാർത്തയിൽ ഒരു ലക്ഷം ഫയലുകൾ തീർപ്പാക്കി, ഇനി സെക്രട്ടേറിയറ്റിൽ കേവലം എണ്ണായിരം ഫയലുകൾ മാത്രമേയുള്ളു എന്ന് പറഞ്ഞതുകൊണ്ടാണ്. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മാത്രം ഞാൻ തന്നെ ഇരുനൂറിലധികം നിവേദനങ്ങൾ തന്നിട്ടുണ്ട്. എല്ലാ മന്ത്രിമാർക്കും കൊടുത്തു എന്ന് ഞാൻ അവകാശപ്പെടുന്നില്ല. ഈ രീതിയിലാണെങ്കിൽ ശില കിട്ടാതെ അലയുന്ന ശില്പിയെപ്പോലെ ഫയലില്ലാതെ അലയുന്ന മന്ത്രിമാരാണ് കേരളത്തിൽ എന്ന് തോന്നത്തക്ക വിധിത്തിലുള്ള ചർമ്മബലമുള്ള പ്രചാരണമാണ് ഇവിടെ നടത്തുന്നത്. അതുപോലെ തന്നെ സർക്കുലറുകളും സർക്കാർ ഉത്തരവുകളും അനുസരിച്ച് എം.എൽ.എ. മാരുടെ കത്തുകൾക്ക് കൃത്യമായി മറുപടി നൽകേണ്ടതാണ്. മന്ത്രിമാരുടെ ഓഫീസുകളിൽ കൊടുത്തിട്ടുള്ള നിവേദനങ്ങൾ എവിടെയാണ് എന്നു പോലും പറയാൻ പറ്റാത്ത വിധത്തിൽ നിവേദനങ്ങളും പരാതികളും കത്തുകളും കാണാനില്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നില്ല. അത് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ച കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിരവധി സംഘടനകളുടെ, ഉത്തരവാദപ്പെട്ട ആളുകൾ അവരുടെ ആവലാതികളെ സംബന്ധിച്ച് നിവേദനങ്ങൾ നൽകുകയും അത് സർക്കാരിലേയ്ക്ക് കൊടുക്കുകയും ചെയ്താൽ അതിന് യാതൊരു നടപടിയുമില്ല എന്നുള്ള അവസ്ഥയാണുള്ളത്. അതിന് അടിയന്തിരമായ പരിഹാരമുണ്ടാക്കുന്നതിന് അങ്ങ് കർശനമായ നിർദ്ദേശം നൽകണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുകയാണ്..... (ബഹളം).....

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ജനപ്രതിനിധികൾ മന്ത്രിമാർക്കും വകുപ്പു തലവന്മാർക്കും നൽകുന്ന നിവേദനങ്ങൾക്ക് മറുപടി നൽകുന്നത് സംബന്ധിച്ച് 2002 സെപ്റ്റംബർ 9-ാം തീയതിയിലെ 14834/ഉ.ഭ.സി.3/02 നമ്പരായും 18.10.05-ലെ 1500/എ/05/ജി.എ.ഡി നമ്പരായും 02.01.06-ലെ 1552/എ/05/പി.എ.ഡി നമ്പരായുമുള്ള സർക്കുലറുകൾ മുഖേന ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ ഓരോ മാസവും കൂടുന്ന സെക്രട്ടറിമാരുടെ അവലോകനയോഗത്തിൽ പ്രസ്തുത വിഷയംകൂടി അവലോകനം ചെയ്യാൻ നിർദ്ദേശം നൽകുന്നതാണ്.

VIII റൂളിംഗ്

മി. സ്പീക്കർ: ശ്രീ. സാജുപോൾ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവതരമാണ്. ജനപ്രതിനിധികൾ നൽകുന്ന നിവേദനങ്ങൾക്ക് മറുപടി നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിയിട്ടുണ്ട്. എന്റെ മുൻഗാമിയായിരുന്ന ശ്രീ. വക്കം പുരുഷോത്തമൻ സ്പീക്കറായിരിക്കുമ്പോൾ മന്ത്രിമാർക്ക് എം.എൽ.എ.-മാർ നൽകുന്ന നിവേദനങ്ങളിന്മേൽ മന്ത്രിമാർ തന്നെ ഒപ്പിട്ട് മറുപടി കൊടുക്കണമെന്ന് റൂളിംഗ് നൽകിയതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ആ റൂളിംഗിൽ ഞാനും ഉറച്ചുനിൽക്കുന്നു. ഉദ്യോഗസ്ഥർക്ക് ഇതിനെ സംബന്ധിച്ച് വളരെ ഗൗരവതരമായി വേണ്ട നിർദ്ദേശം നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ: വളരെ പ്രധാനപ്പെട്ട ഒരു വിഷയം സഭയുടെ ശ്രദ്ധയിലും അങ്ങയുടെ ശ്രദ്ധയിലും പെടുത്തുകയാണ്. ഇന്ന് സഭ പിരിയുകയാണ്. ഇതിനുമുൻപും ഈ വിഷയം സഭയിൽ ഞാൻ ഉന്നയിച്ചതാണ്. വെള്ളിയാഴ്ച കേന്ദ്ര കൃഷി വകുപ്പുമന്ത്രി ശ്രീ. ശരത്പവാർ രാജ്യസഭയിൽ നൽകിയ ഉത്തരത്തിൽ മറ്റ് സ്റ്റേറ്റുകളുടെ കാര്യം പറഞ്ഞ കൂട്ടത്തിൽ കേരളത്തിൽ നിന്ന് കൃത്യമായ കണക്കുകൾ ആവശ്യപ്പെടുമ്പോൾ നൽകുന്നില്ല എന്നും കണക്കുകൾ അപൂർണ്ണമാണെന്നും വസ്തുതകൾ അറിയിക്കില്ലെന്നും അദ്ദേഹം ആവർത്തിച്ച് പറഞ്ഞു. വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly